**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5618** **13-08-2021 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കടലാക്രമണത്തിന് വിധേയമാകുന്ന ഏതെല്ലാം ഭാഗത്താണ് പുതുതായി പുലിമുട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ്, എസ്.എൻ. പുരം മതിലകം, പെരിഞ്ഞനം, കയ്പമംഗലം എന്നീ പഞ്ചായത്തുകൾ അതി രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നവയാണ്. കടൽ തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനു വേണ്ടി NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ് പഞ്ചായത്തുകൾ ഉൾപ്പെട്ടു വരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയതു നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇതിന്റെ തുടർ നടപടികൾ ഏതുഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ്, എസ്.എൻ. പുരം മതിലകം, പെരിഞ്ഞനം, കയ്പമംഗലം എന്നീ പഞ്ചായത്തുകൾ അതി രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നവയാണ്. കടൽ തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനു വേണ്ടി NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ് പഞ്ചായത്തുകൾ ഉൾപ്പെട്ടു വരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയതു നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ